# Deepika

# 25 August 2018

# Kumali; After Flood



ടാറ്റാ... കോട്ടയം നാട്ടകം ഗവൺമെന്റ് കോളജിലെ ദുരിതാശ്വാസക്യാമ്പിൽ ഒരാഴ്ചത്തെ ജീവിതത്തിനുശേഷം അമ്മയ്ക്കൊപ്പം കുമരകത്തെ സ്വന്തം വീട്ടിലേക്കു ബസിൽ മടങ്ങുന്ന ബാലിക ക്യാമ്പിലുണ്ടായിരുന്ന കൂട്ടുകാരോടു യാത്ര പറയുന്നു.
- അനൂപ് ടോം

## മുല്ലപ്പെരിയാറിൽ കടുവയും ചത്തുപൊങ്ങി

**കുമളി:** ജലപ്രളയത്തിൽ മുല്ലപ്പെരിയാർ അണക്കെട്ടിൽ കടുവയടക്കം വന്യമൃഗങ്ങൾക്കു ജീവഹാനിയുണ്ടായ സംഭവത്തിൽ സംസ്ഥാന ചീഫ് സെക്രട്ടറി വനംവകുപ്പിനോടും കുമളി പഞ്ചായത്ത് സെക്രട്ടറിയോടും റിപ്പോർട്ട് ആവശ്യപ്പെട്ടു. ജീവഹാനിയുണ്ടായ മൃഗങ്ങളുടെ ഇനം, പ്രായം, ലിംഗം, പോസ്റ്റ്മോർട്ടം റിപ്പോർട്ട് തുടങ്ങിയവ അടങ്ങിയ വിശദമായ റിപ്പോർട്ടാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

വനംവകുപ്പിന്റെ പക്കൽ 13 വയസുള്ള ഒരു ആൺകടുവ, രണ്ട് ആന, രണ്ട് മ്ലാവ്, നാല് പന്നി എന്നിവയുടെ കണക്കു മാത്രമേയുള്ളൂ. ഇവയുടെ പോസ്റ്റ്മോർട്ടം റിപ്പോർട്ടനുസരിച്ച് വെള്ളം ഉള്ളിൽച്ചെന്നതാണു മരണകാരണം. നൂറുകണക്കിന് മൃഗങ്ങൾ വനത്തിൽ ചത്തൊടുങ്ങിയിട്ടുണ്ടെങ്കിലും സംഭവം മൂടിവയ്ക്കാനാണ് വനംവകുപ്പു ശ്രമിച്ചത്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേയിലൂടെ നിരവധി മൃഗങ്ങളാണ് ഒഴുകിപ്പോയത്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ബേബി ഡാമിനു സമീപം വള്ളക്കടവ് സെക്ഷനിൽ കടുവയുടെ ജഡം കണ്ടെത്തിയിരുന്നു.

സ്പിൽവേയുടെ താഴെ മ്ലാവിന്റെ ജഡവും കിട്ടി. മൃഗങ്ങളുടെ ജീവഹാനി സംബന്ധിച്ച് കണക്കെടുപ്പു നടത്തിയിട്ടില്ല.